# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2321: 23/03/2012- ൽ മറുപടിക്ക്**

## വ്യാവസായിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ശിവദാസൻ നായർ:**<br>**" എം. പി. വിൻസന്റ്:**<br>**" കെ. അച്ചുതൻ:**<br>**" വി. റ്റി. ബൽറാം:** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാവസായിക ഉല്പാദനം ആനുപാതികമായും കാലാനുസൃതമായും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വ്യക്തമാക്കുമോ; | (എ) | മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം. എസ്. എം. ഇ.) മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോൽസാഹന പ്രവർത്തനങ്ങൾ നടത്തുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക് ഷോപ്പുകൾ. ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകരെ കണ്ടെത്തുന്നു. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്, സാമ്പത്തിക സഹായം വേണ്ടി വരുന്ന സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു. കൂടാതെ സംരംഭകർ മുടക്കേണ്ട തുകയ്ക്ക് ആനുപാതികമായി മാർജിൻ മണി വായ്പ ലഭ്യമാക്കുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെയും, ഗ്രീൻ ചാനൽ കൗണ്ടറിലൂടെയും നൽകി വരുന്നു. കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിൽ പഴം പച്ചക്കറി മേഖലയിൽ വാർഷിക വിറ്റുവരവിന്റെ 5% |

| | | | |
|---|---|---|---|
| | | | സബ്സിഡിയായി നൽകുന്നു. കേന്ദ്ര സർക്കാർ എം. എസ്. എം. ഇ. യൂണിറ്റുകൾ നൽകുന്ന ബാർ കോഡിംഗ്, ഐ. എസ്. ഐ, ഐ. എസ്. ഒ, എച്ച്. എ. സി. സി. പി തുടങ്ങിയവ നേടുന്നതിനും ആനുകൂല്യങ്ങൾ നേടി എടുക്കുന്നതിനുമുള്ള സഹായം നൽകി വരുന്നു.<br>സി. ജി.റ്റി.എസ്.എം.ഇ സ്കീമിൽ വായ്പ എടുക്കുന്നതിന് യൂണിറ്റുകൾ നൽകേണ്ട ഗാരന്റി ഫീസും സർവ്വീസ് ചാർജ്ജും തിരികെ നൽകുന്നു. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു. കൂടാതെ വ്യവസായ സംരംഭങ്ങളിൽ അൻസലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോൽസാഹന സഹായങ്ങൾ നൽകുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകാമോ; | (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന മൈക്രോ സ്മാൾ, മീഡിയം സംരംഭകർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ സാമ്പത്തിക സഹായം ലഭ്യമാക്കി പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാറിന്റെ ധനസഹായം എപ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മൈക്രോ സ്മാൾ മീഡിയം സംരംഭങ്ങൾ സംസ്ഥാന സർക്കാരിന്റെ പദ്ധതിയിലൂടെയാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രസർക്കാരിന്റെ ധനസഹായം മൈക്രോ സ്മാൾ മീഡിയം സംരംഭങ്ങൾക്ക് ലഭിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**